86

നം.സി2/18728/2017

10

ക്ഷീര വികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം-695 004
ഫോൺ : 0471-2445749, 2445799
e-mail:dairydirector05@yahoo.co.in
തീയതി 21/10/2017

**സർക്കുലർ നം. 27/2017**

വിഷയം:- ക്ഷീരവികസന വകുപ്പ്- സംസ്ഥാനത്തെ ക്ഷീര സഹകരണ സ്ഥാപനങ്ങൾ - നിയമാവലി ഭേദഗതിക്കുള്ള പൊതു യോഗ നോട്ടീസ് -പത്രത്തിൽ പ്രസിദ്ധീകരിക്കുന്നത്- നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതു - സംബന്ധിച്ച്

1969 ലെ കേരള സഹകരണ നിയമങ്ങളും ചട്ടങ്ങളിലെ ചട്ടം 9 (ii) പ്രകാരം അഞ്ഞൂറോ അതിൽഅധികമോ അംഗങ്ങൾ ഉള്ള ഒരു സംഘത്തിന്റെ നിർദ്ദിഷ്ട നിയമാവലി ഭേദഗതിയുടെ വിശദാംശങ്ങൾ സംഘത്തിന്റെ അധികാരാതിർത്തിയിൽ പ്രചുര പ്രചാരമുള്ള രണ്ട് സ്വഭാഷാ പത്രങ്ങളിൽ പരസ്യപ്പെടുത്തണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ചില സഹകരണ സംഘങ്ങൾ ഇപ്രകാരം നല്കുന്ന പത്രപരസ്യത്തിൽ നിർദ്ദിഷ്ട ഭേദഗതിയുടെ സംക്ഷിപ്തം മാത്രം പ്രസിദ്ധീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ സ്വഭാഷയിൽ പ്രസിദ്ധീകരിക്കുന്നതിന് പകരം ഇംഗ്ലീഷ് ഭാഷയിൽ പ്രസിദ്ധീകരിക്കുന്നതായി കാണുന്നു • ഇതു നിയമാനുസൃതം അല്ലാത്തതിനാൽ സഹകരണ നിയമം ചട്ടങ്ങളിലെ ചട്ടം 9 ((ii) പ്രകാരം നിയമാവലി ഭേദഗതിക്കായി നല്കുന്ന പത്ര പരസ്യത്തിൽ നിദ്ദിഷ്ട നിയമാവലി ഭേദഗതി സംബന്ധിച്ച് വിശദ വിവരങ്ങൾ പൂർണ്ണമായി ഉൾക്കൊള്ളിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

കൂടാതെ സഹകരണ നിയമം ചട്ടം 9 ((ii) -ൽ പ്രതിപാദിക്കുന്ന പ്രകാരം പൊതുയോഗ നോട്ടീസ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതും ആണ്.

**എബ്രഹാം റ്റി. ജോസഫ്**
**ക്ഷീര സഹകരണ സംഘം രജിസ്ട്രാർ/ഡയറക്ടർ**

മാനേജിംഗ് ഡയറക്ടർ, കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ
മാനേജിംഗ് ഡയറക്ടർ, തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോല്പാദക യൂണിയൻ
മാനേജിംഗ് ഡയറക്ടർ, എറണാകുളം മേഖല സഹകരണ ക്ഷീരോല്പാദക യൂണിയൻ
മാനേജിംഗ് ഡയറക്ടർ, മലബാർ മേഖല സഹകരണ ക്ഷീരോല്പാദക യൂണിയൻ
എല്ലാ ക്ഷീര സഹകരണ സംഘങ്ങൾക്കും

പകർപ്പ്:-

1. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2. എല്ലാ ക്ഷീരപരിശീലന കേന്ദ്രം പ്രിൻസിപ്പാൾമാർക്കും
3. സൂപ്രണ്ട്, സ്റ്റേറ്റ് ഫോഡർ ഫാം
4. ഈ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും
5. ഡയറക്ടറുടെ മേശപ്പുറത്ത്
6. സി,ജി,ഡി സെക്ഷനുകൾക്ക്
7. ടെക്നിക്കൽ സെൽ, പ്രൊജക്ട് സെൽ
8. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ (വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
9. സ്റ്റോക്ക് ഫയൽ
10. സ്പെയർ

ss.23/10/17